നം. G2-39714/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 12.06.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

**വിജ്ഞാപനം**

**സാമൂഹ്യനീതി വകുപ്പ്**

സാമൂഹ്യനീതി വകുപ്പിന് കീഴിലെ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 16 ഗവൺമെന്റ് വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്ക് മാനസിക ഉല്ലാസം ലഭ്യമാക്കുന്നതിനായി സ്ഥാപനങ്ങളിൽ മ്യൂസിക് തെറാപ്പി പ്രോഗ്രാം സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. വൃദ്ധ സദനങ്ങളിൽ മ്യൂസിക് തെറാപ്പി പ്രോഗ്രാം നടത്തുന്നതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരിൽ നിന്നും ഉചിതമായ പ്രൊപ്പോസൽ ക്ഷണിച്ചുകൊള്ളുന്നു. താൽപര്യമുള്ളവർ പ്രൊപ്പോസൽ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മ്യൂസിക് തെറാപ്പി നടത്തുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in-ൽ ലഭ്യമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

K. K. SURENDRA KUMAR
Additional Director
Directorate of Social Justice
Thiruvananthapuram - 33

തിരുവനന്തപുരം
തീയതി.

AN

## മ്യൂസിക് തെറാപ്പി നടത്തുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ

1. സാമൂഹ്യനീതി വകുപ്പിന്റെ പൂമതലകളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ മാനസികാരോഗ്യ സംരക്ഷണത്തിനാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്.
2. ഓരോ ഹോമിലും മാസത്തിൽ 1 മ്യൂസിക് തെറാപ്പി പ്രോഗ്രാം നടത്തേണ്ടതാണ്.
3. അപേക്ഷകർ/NGO മ്യൂസിക് തെറാപ്പി കോഴ്സിൽ പ്രാവീണ്യം ഉള്ളവരായിരിക്കണം.
4. മ്യൂസിക് തെറാപ്പിയിൽ മ്യൂസിക്കൽ ഇൻസ്ട്രുമെന്റ് – ഓർക്കസ്ട്ര നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
5. ഒരു തെറാപ്പിസ്റ്റിനും ഫീസ് ഇൻസ്ട്രർക്കും യഥാക്രമം പരമാവധി പ്രതിമാസം 6000/- രൂപയും 8000/- രൂപയും അനുവദിക്കാവുന്നതാണ്.
6. പ്രതിമാസം സൗണ്ട് സിസ്റ്റത്തിനായി 4000/- രൂപ വിനിയോഗിക്കാവുന്നതാണ്.
7. ഗാനാവതാരകർക്കായി ഒരാൾക്ക് പ്രതിമാസം പരമാവധി 1500/- രൂപ വിനിയോഗിക്കാവുന്നതാണ്.
8. മ്യൂസിക് തെറാപ്പിയിൽ ഹോമുകളിൽ വസിക്കുന്നവരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഗാനങ്ങൾ ഉൾപ്പെടുത്തേണ്ടതും അന്തേവാസികൾക്ക് പ്രസ്തുത തെറാപ്പി സംവിധാനത്തിൽ ഗാനങ്ങൾ അവതരിപ്പിക്കുന്നതിന് അവസരം നൽകേണ്ടതുമാണ്.
9. അതാത് ജില്ലയിൽ നിന്നുള്ള യോഗ്യതയുള്ള അപേക്ഷകർക്ക് ബന്ധപ്പെട്ട ജില്ലയിലെ വൃദ്ധ സദനത്തിൽ മ്യൂസിക് തെറാപ്പി നടത്തുന്നതിനായുള്ള തെരഞ്ഞെടുപ്പിന് മുൻഗണന നൽകുന്നതാണ്.
10. മ്യൂസിക് തെറാപ്പി നടത്തുന്ന വേളയിൽ ഗുണഭോക്താക്കൾക്കായി Snacks നൽകാവുന്നതും ആയതിന് തുക വകയിരുത്താവുന്നതുമാണ്. (ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും വിശദാംശങ്ങൾ തേടാവുന്നതാണ്).
11. ലഭ്യമാകുന്ന Project Proposal-ന് മേൽ അനുവദിക്കുന്ന തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ/സാമൂഹ്യനീതി ഡയറക്ടറുമായി ധാരണാപത്രം ഒപ്പു വയ്ക്കേണ്ടതാണ്.
12. ധാരണാപത്രം പ്രകാരം Project തുക ഘട്ടങ്ങളായി അനുവദിക്കുന്നതാണ്. ഓരോ ഘട്ടത്തിലെയും തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്കും പദ്ധതി പുരോഗതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അടുത്ത ഘട്ടത്തെ തുക അനുവദിക്കുന്നതാണ്.
13. ടി പ്രോഗ്രാമുമായി ബന്ധപ്പെട്ടവരെ മാത്രം സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുകയും പ്രോഗ്രാം കഴിഞ്ഞാലുടൻ നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ടവർ സ്ഥാപനം വിട്ട് പോകേണ്ടതുമാണ്.

AN